## കാസർഗോഡ് ജില്ലയിലെ കടലാക്രമണം സംബന്ധിച്ച് ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടി

ഈ മൺസൂൺ കാലത്ത് ഇതുവരെ ഗ്രോയിനുകൾക്ക് കാര്യമായ കേടുപാടുകൾ സംഭവിച്ചിട്ടില്ല. എന്നാൽ ഗ്രോയിനുകൾക്കിടയിലുള്ള തീരങ്ങൾക്ക് കാര്യമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഈ വർഷത്തെ കടലാക്രമണം മുൻവർഷങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലായതിനാലും ശക്തമായ കടലാക്രമണംമൂലം ഗ്രോയിനുകൾക്കിടയിലുള്ള ഭാഗത്ത് കൂടുതലായി തീരശോഷണം ഉണ്ടാകുന്നതുകൊണ്ട് അടിയന്തരമായി മോഡൽ സ്റ്റഡി നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ ഹാർബർ എഞ്ചിനീയറിങ് വകുപ്പ് സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്.

കീഴൂർ ചെമ്പരിക്ക കടൽത്തീരം

കാസർഗോഡ് ഹാർബറിന്റെ തെക്കുഭാഗം വരുന്ന ഈ പ്രദേശത്ത് കാസർഗോഡ് ഹാർബറിന്റെ നിർമ്മാണത്തോടുകൂടിയാണ് കടലാക്രമണം രൂക്ഷമായതെന്ന് പ്രദേശവാസികൾ പരാതി ഉന്നയിച്ചിട്ടുണ്ട്. ഇതുപ്രകാരം കാസർഗോഡ് ഹാർബറിന്റെ നിർമ്മാണംമൂലമുണ്ടായ ഈ തീരത്തുള്ള തീരശോഷണം പരിഹരിക്കുന്നതിനായി, തീരത്തിനുവേണ്ട സംരക്ഷണ

പ്രവൃത്തികളൊരുക്കാൻ ഹാർബർ എഞ്ചിനീയറിങ് വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. ഹാർബർ എഞ്ചിനീയറിങ് വകുപ്പ് ബാത്തിമെട്രി ഉൾപ്പടെയുള്ള പഠനത്തിന് 33 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തിയുമായി മുന്നോട്ടു പോകുമെന്നും അറിയിച്ചിട്ടുണ്ട്. ജലസേചന വകുപ്പ് 2025 ജൂലൈ മാസമുണ്ടായ കടലാക്രമണം തടയാൻ കീവൂരിൽ 65 മീറ്റർ ദൂരം റബിൾ ഡമ്പിങ് പ്രവൃത്തി ചെയ്ത് താൽക്കാലികമായി സംരക്ഷിച്ചിട്ടുണ്ട്.

2026-27 വാർഷിക പദ്ധതിയിൽ 7500 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ഉപ്പള കടൽത്തീരം</u>

പ്രസ്തുത തീരത്ത് ഹനുമാൻ നഗർ, അയില കടപ്പുറം, മണിമുണ്ട കടപ്പുറം എന്നീ സ്ഥലങ്ങളിലാണ് കടലാക്രമണം രൂക്ഷമായത്. പ്രസ്തുത തീരത്ത് സംരക്ഷണ പ്രവൃത്തികൾക്കായി ബാത്തിമെട്രി പഠനത്തിനായുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

<u>ജന്മ കടപ്പുറം</u>

പ്രസ്തുത തീരത്ത് സംരക്ഷണ പ്രവൃത്തികൾക്കായി ബാത്തിമെട്രി ഉൾപ്പടെയുള്ള പഠനത്തിനായുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

അജാനൂർ കടപ്പുറം

ഈ മഴക്കാലത്ത് രൂക്ഷമായ കടലാക്രമണം നേരിട്ട ഒരു പ്രദേശമാണ് ഇവിടം. ചിത്താരിപ്പുഴ കടലിൽ പതിക്കുന്നതിന്റെ അടുത്തുകിടക്കുന്ന പ്രദേശം ആയതിനാൽ കരയിടിച്ചിൽ കൂടുതലാവുകയും റോഡ് തകരുകയും ഫിഷ് ലാൻഡിങ് സെന്റർ ഭാഗീകമായി തകർച്ച നേരിടുകയും ചെയ്തു. ഇത് താൽക്കാലികമായി പരിഹരിക്കുന്നതിനായി ജലസേചന വകുപ്പ് 25 ലക്ഷം രൂപയുടെ ജിയോ ബാഗ് ഉപയോഗിച്ച് ബണ്ട് നിർമ്മിക്കുകയും പുഴയുടെ ഒഴുക്ക് മാറ്റിവിടുന്നതിനായി അഴിമുറിച്ച് ആഴം കൂട്ടുകയും ചെയ്തിട്ടുണ്ട്.

## ടെക്സ്റ്റൈൽ മേഖലയിലെ സാധ്യതകൾ സംബന്ധിച്ച് ശ്രീ. പി. നന്ദകുമാർ എം.എൽ.എ.-യുടെ സബ്മിഷന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി നൽകിയ മറുപടി

രാജ്യത്തെ ടെക്സ്റ്റൈൽ വ്യവസായ മേഖല വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ് പ്രത്യേകിച്ച്, സ്പിന്നിങ് മില്ലുകൾ. മുഖ്യ അസംസ്കൃത വസ്തുക്കളായ കോട്ടൺ, പോളിസ്റ്റർ തുടങ്ങിയവയുടെ വിലയിലെ

കയറ്റിറക്കങ്ങളും വർധിത ഗതാഗത ചെലവുകൾ, ഉയർന്ന കടത്തുകൂലി, നവീകരണത്തിന്റെ അഭാവം, താരതമ്യേന കുറഞ്ഞ തൊഴിൽ ഉൽപാദനക്ഷമത, ഈ മേഖലയിലെ മറ്റ് സംസ്ഥാനങ്ങളിലെ മില്ലുകളുമായി താരതമ്യം ചെയ്യുമ്പോൾ ഉള്ള ഉയർന്ന കൂലി, പാക്കിങ് വസ്തുക്കൾ, ലൂബ്രിക്കന്റുകൾ തുടങ്ങിയവയുടെ വില വർധനവ് എന്നീ കാരണങ്ങളാൽ ആണ് പ്രധാനമായും ഈ പ്രതിസന്ധി ഉണ്ടായിരിക്കുന്നത്. ഇതുകൂടാതെ മൂല്യവർധിത ഉൽപന്നങ്ങളായ തുണിത്തരങ്ങളുടെയും റെഡിമെയ്ഡ് വസ്ത്രങ്ങളുടെയും വൻതോതിൽ ഉള്ള അശാസ്ത്രീയമായ ഇറക്കുമതിമൂലം നിരവധി മില്ലുകളാണ് ഇന്ത്യയിലാകമാനം പ്രവർത്തനം നിർത്തിവയ്ക്കേണ്ടതായി വന്നത്.

അമേരിക്ക ഏർപ്പെടുത്തിയിട്ടുള്ള പുതിയ താരിഫ് വർധനയുടെ ഫലമായി ഉണ്ടാകാൻ പോകുന്ന വ്യാപാര പ്രതിസന്ധി ഏറ്റവും കൂടുതൽ ബാധിക്കുന്ന ഒരു മേഖല ടെക്സ്റ്റൈൽ വ്യവസായ മേഖലയാണ്. അമേരിക്കയിലേക്ക് വസ്ത്രങ്ങളും തുണിത്തരങ്ങളും കയറ്റി അയച്ചുകൊണ്ടിരുന്ന സ്ഥാപനങ്ങളിൽ നിന്ന് കൂടി ഉൽപന്നങ്ങൾ ആഭ്യന്തര വിപണിയിലേക്ക് വരുമ്പോൾ വിപണിയിൽ ഉൽപന്നങ്ങളുടെ ലഭ്യത കൂടുകയും ഈ പൊരുത്തക്കേട് നമ്മുടെ മില്ലുകളിലെ ഉൽപന്നങ്ങൾ വിൽക്കുന്ന ഇടത്തരം

വിപണിയെയും വളരെ മോശമായി ബാധിക്കും. അതുവഴി ക്രമേണ നമ്മുടെ മില്ലുകൾ വീണ്ടും കൂടുതൽ പ്രതിസന്ധിയിലേക്ക് പോകാൻ സാധ്യതയുണ്ട്. ഈ സർക്കാർ അധികാരത്തിൽവന്നശേഷം കേരളത്തിലെ പൊതുമേഖലയിലെയും സഹകരണ മേഖലയിലെയും മില്ലുകളെ സംരക്ഷിക്കുന്നതിനായി നിരവധി ഇടപെടലുകൾ നടത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ പൊതുമേഖല/സഹകരണ മേഖല മില്ലുകളുടെ നവീകരണത്തിനായി കഴിഞ്ഞ സാമ്പത്തിക വർഷം വരെ 68.67 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം നവീകരണ പ്രവർത്തനത്തിനായി 22.39 കോടി രൂപ കൂടി കഴിഞ്ഞ സാമ്പത്തിക വർഷം വരെ മൂലധനമായി മാത്രം 39.64 കോടി രൂപ സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്, കൂടാതെ ഈ വർഷം 11 കോടി രൂപ പ്രവർത്തന മൂലധനമായും 3.5 കോടി രൂപ പഴയ കോട്ടൺ വാങ്ങിയതിന്റെ കുടിശ്ശിക തീർക്കുന്നതിനായും അനുവദിച്ച് നൽകിയിട്ടുണ്ട്.

വൈദ്യുതി കുടിശ്ശിക ഇനത്തിൽ ടെക്സ്റ്റൈൽ മില്ലുകളിൽ നിന്ന് മാത്രമായി കെ.എസ്.ഇ.ബി.എൽ.-ന് നൽകാനുണ്ടായിരുന്ന വലിയ കുടിശ്ശിക രണ്ട് ഘട്ടമായി ഒഴിവാക്കി നൽകുകയും ഇതുവഴി ഏകദേശം 136.23 കോടി രൂപയുടെ ബാധ്യത സർക്കാർ എഴുതി തള്ളുകയും ചെയ്തിട്ടുണ്ട്.

കഴിഞ്ഞ കാലങ്ങളിൽ പ്രോവിഡൻറ് ഫണ്ട്, ഇ.എസ്.ഐ., പിരിഞ്ഞുപോയ ജീവനക്കാർക്ക് നൽകാനുള്ള ഗ്രാറ്റുവിറ്റി തുടങ്ങിയ ഇനങ്ങളിലുണ്ടായിട്ടുള്ള സ്റ്റാറ്റ്യൂട്ടറി കുടിശ്ശികകൾ ഘട്ടംഘട്ടമായി തീർക്കുന്നതിന്റെ ആദ്യപടിയായി കഴിഞ്ഞവർഷം 6.48 കോടി രൂപ നൽകുകയും ഈ വർഷത്തെ ബജറ്റിൽ 14.5 കോടി രൂപ ടെക്സ്റ്റൈൽ മില്ലുകൾക്ക് മാത്രമായി ഭരണാനുമതി നൽകുകയും പ്രസ്തുത തുക അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

സ്പിന്നിങ് മില്ലുകളുടെ പ്രധാന അസംസ്കൃത വസ്തുവായ കോട്ടൺ കുറഞ്ഞ വിലയിൽ കൂടുതൽ ഗുണമേന്മയോടുകൂടി ലഭ്യമാകുന്നതിനായി വിളവെടുപ്പ് സമയത്ത് തന്നെ പഞ്ഞി ശേഖരിച്ച് മില്ലുകൾക്ക് നൽകുന്നതിനായി 'കോട്ടൺ ബോർഡ്' രൂപീകരിക്കുകയും ഈ വർഷം ജനുവരി മുതൽ കോട്ടൺ ബോർഡ് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കോട്ടന് പുറമേ പോളിയസ്റ്ററും മറ്റ് അസംസ്കൃത വസ്തുക്കളും കോട്ടൺ ബോർഡ് വഴിയാണ് മില്ലുകൾ വാങ്ങുന്നത്. ഇതുവഴി മില്ലുകളുടെ പ്രകടനം നല്ല നിലയിൽ മെച്ചപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതികളിൽ ഒന്നായ ഹാൻഡ്‌ലൂം സ്കൂൾ യൂണിഫോം പദ്ധതിക്ക് ആവശ്യമായ നൂൽ നിർമ്മിച്ച്

നൽകുന്നത് വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്പിന്നിങ് മില്ലുകളാണ്. ഇതുവഴി ഈ പദ്ധതിയിലേക്ക് നൂൽ നൽകുന്ന മില്ലുകൾക്ക് അവർ ഉൽപാദിപ്പിക്കുന്ന നൂലിന് കമ്പോളവിലയേക്കാൾ ഉയർന്ന വില ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഇതോടൊപ്പം സ്പിന്നിങ് മില്ലുകളുടെ ഉൽപന്നമായ നൂല് വിൽക്കുന്നതിന് ഒരു ഓൺലൈൻ സെയിൽസ് പ്ലാറ്റ്ഫോം നടപ്പാക്കുന്നതിനുള്ള ട്രയൽ റൺ നടന്നുവരുന്നു. മേൽപ്പറഞ്ഞ ഇടപെടലുകളുടെയും നയങ്ങളുടെയും ഭാഗമായി 20%-ത്തിന് മേൽ നഷ്ടമുണ്ടാക്കിയിരുന്ന മിക്ക സ്പിന്നിങ് മില്ലുകളും ഇപ്പോൾ 6 മുതൽ 8% വരെയായി നഷ്ടം കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

തൃശ്ശൂർ സഹകരണ സ്പിന്നിങ് മിൽ ഇപ്പോൾ ലേ ഓഫിൽ ആണ്. ഇത് തുറന്ന് പ്രവർത്തിപ്പിക്കാൻ ആവശ്യമായ ധനസഹായം സർക്കാരിൽ നിന്ന് നൽകുകയും പ്രസ്തുത സ്ഥാപനത്തിന് നഷ്ടപ്പെട്ട ജി.എസ്.ടി. രജിസ്ട്രേഷൻ തിരികെ ലഭിക്കുന്നതിനുള്ള നിയമനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. പഴയ ജി.എസ്.ടി. രജിസ്ട്രേഷൻ പുനസ്ഥാപിക്കാൻ കഴിയാതെ വരുന്നപക്ഷം പുതിയ രജിസ്ട്രേഷൻ എടുത്തുകൊണ്ട് ഇലക്ട്രിക്കൽ വർക്കുകൾ പൂർത്തീകരിച്ച് തുറന്ന് പ്രവർത്തിപ്പിക്കാൻ ഉള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ടെക്സ്റ്റൈയിൽ മേഖലയിലെ പ്രതിസന്ധികളും ഭാവി പരിപാടികളും ആവിഷ്ക്കരിക്കുന്നതിനായി കേരളത്തിലെ സെൻട്രൽ ട്രേഡ് യൂണിയൻ നേതാക്കളുമായി ഒരു യോഗം ചേരുകയുണ്ടായി. നാഷണൽ ടെക്സ്റ്റൈയിൽ കോർപ്പറേഷന്റെ മില്ലുകളടക്കം പ്രവർത്തനം നിർത്തിവച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ കേരളത്തിലെ പൊതുമേഖലാ/സഹകരണ മില്ലുകളുടെ നിലനിൽപ്പിനായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങളെ എല്ലാ ട്രേഡ് യൂണിയനുകളും തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി ആവശ്യമായ യൂണിഫോം തുണിത്തരങ്ങൾ, ഷർട്ടുകൾ, സ്യൂട്ടിങ്ങുകൾ, ലുങ്കികൾ, ധോത്തികൾ, സാരികൾ, കുർത്തകൾ, ബെഡ്ഷീറ്റുകൾ, നൈറ്റികൾ, ആശുപത്രി ബെഡ്ഷീറ്റുകൾ, മറ്റ് ഫർണിഷിങ് തുണികൾ തുടങ്ങിയ മൂല്യവർധിത ഉൽപന്നങ്ങൾ നിർമ്മിച്ച് വിൽക്കുന്നതിനായി പ്രാദേശിക ഓർഡറുകൾ സംഘടിപ്പിക്കുന്നതിന് സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ സ്ഥിതിചെയ്യുന്ന മില്ലുകളിലെ ജീവനക്കാരെ ഉപയോഗിച്ച് പുതിയ മാർക്കറ്റിങ് സംവിധാനങ്ങൾ കണ്ടെത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

മില്ലുകളുടെ കൈവശമുള്ള അധിക ഭൂമി 30 വർഷം വരെ വ്യാവസായിക ആവശ്യത്തിനായി ലീസിന് കൊടുക്കുന്നതിനും മില്ലുകളിൽ ഇപ്പോൾ ഉപയോഗമില്ലാതെ കിടക്കുന്ന കെട്ടിടങ്ങൾ 5 വർഷത്തേക്ക് വാടകയ്ക്ക്

സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡുകൾ/ഭരണസമിതികൾ യോഗം ചേർന്ന് തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. മൂല്യ വർധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനെപ്പറ്റിയും അതിന്റെ വിപണന സാധ്യതകളെയും കുറിച്ചും മാർക്കറ്റിങ് തന്ത്രങ്ങളെക്കുറിച്ചും മില്ലുകളിലെ ജീവനക്കാർക്കും ഉദ്യോഗസ്ഥർക്കും ആവശ്യമായ പരിശീലനം നടത്തുന്നതിനുള്ള നടപടികൾ കൈത്തറി ആൻഡ് ടെക്സ്റ്റൈൽസ് ഡയറക്ടേറ്റ് മുഖേന ആരംഭിച്ചിട്ടുണ്ട്.

## മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം സംബന്ധിച്ച് ഡോ. സുജിത് വിജയൻപിള്ള എം.എൽ.എ.-യുടെ സബ്മിഷന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടി

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം മുന്നിൽക്കണ്ടും ആപത് ഘട്ടങ്ങളിൽ അവരുടെ കുടുംബങ്ങൾക്ക് സമാശ്വാസമേകി കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനും ഫിഷറീസ് വകുപ്പ് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന സൗജന്യ ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കി വരുന്നു. ഇൻഷ്വറൻസ് പ്രീമിയം തുക പൂർണ്ണമായും സർക്കാരാണ് അടയ്ക്കുന്നത് എന്നതിനാൽ പദ്ധതി പൂർണ്ണമായും സൗജന്യമാണ്. മത്സ്യബന്ധനത്തിനിടെ അപകടംമൂലം മരണപ്പെടുന്നവരുടെയും മത്സ്യബന്ധന വേളയിൽ

കാണാതാകുന്നവരുടെയും ആശ്രിതർക്ക് പദ്ധതി പ്രകാരം 10 ലക്ഷം രൂപ അനുവദിക്കുന്നുണ്ട്. പദ്ധതി പ്രകാരം മത്സ്യബന്ധനത്തിനിടെ സംഭവിക്കുന്ന സ്ഥിരവും പൂർണവുമായ അവശതയ്ക്ക് 10 ലക്ഷം രൂപയും സ്ഥിരവും ഭാഗീകവുമായ അവശതയ്ക്ക് 5 ലക്ഷം രൂപയും അപകടത്തിൽ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ 2 കുട്ടികൾക്ക് വിദ്യാഭ്യാസ സഹായമായി 10000 രൂപയും അപകടംമൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തി ചികിത്സിക്കേണ്ടി വരുന്നവർക്ക് പരമാവധി 25000 രൂപയും ധനസഹായം നൽകിവരുന്നു. ഇതിനുപുറമെ മരണാനന്തര ചടങ്ങുകൾക്കായി 2500 രൂപയും അനുവദിച്ചുവരുന്നു.

കൂടാതെ മത്സ്യഫെഡ് മുഖേന നടപ്പാക്കുന്ന ഇൻഷ്വറൻസ് പദ്ധതി പ്രകാരം മത്സ്യബന്ധനത്തിനിടെ അപകടംമൂലം മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 10 ലക്ഷം രൂപ വീതവും ധനസഹായം നൽകി വരുന്നു. വെറും 509 രൂപ മാത്രം അടച്ച് പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് അപകട മരണം സംഭവിച്ചാലോ, സ്ഥിരമായ പൂർണ്ണ അംഗവൈകല്യം സംഭവിച്ചാലോ 10 ലക്ഷം രൂപയും മരണാനന്തര ചടങ്ങുകൾക്കായി 5000 രൂപയും ആംബുലൻസ് ചെലവിന് 5000 രൂപയും

അപകടത്തിൽ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ 2 കുട്ടികൾക്ക് വിദ്യാഭ്യാസ സഹായമായി പരമാവധി ഒരു ലക്ഷം രൂപയും നൽകി വരുന്നു.

ഇൻഷ്വറൻസ് പരിരക്ഷയില്ലാതെ അപകടങ്ങളിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും പരമാവധി ധനസഹായം നൽകി വരുന്നുണ്ട്. മത്സ്യബന്ധനത്തിനിടെ ഹൃദയാഘാതം വന്ന് കടലിൽ വച്ച് മരണപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിക്കുന്ന കാര്യത്തിൽ റവന്യൂ വകുപ്പുമായി കൂടിയാലോചിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

മത്സ്യബന്ധനത്തിനിടെ അപകടം മൂലമല്ലാതെ ആകസ്മികമായി മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് മത്സ്യബോർഡ് തനതുവരുമാനത്തിൽനിന്നും ഒരു ലക്ഷം രൂപയും നൽകുന്നുണ്ട്.

## ഡിസാസ്റ്റർ മാനേജ്മെന്റ് സെന്റർ കെട്ടിട നിർമ്മാണം

നീണ്ടകര, ശക്തികുളങ്ങര ഹാർബറിൽനിന്നും മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും അപകടം സംഭവിക്കുന്ന സാഹചര്യത്തിൽ അടിയന്തര സഹായങ്ങൾ

സ്വീകരിക്കുന്നതിന് ശക്തികുളങ്ങര ഹാർബറിൽ നബാർഡ് RIDF XXVI-ൽ ഉൾപ്പെടുത്തി 84 മീറ്റർ നീളത്തിൽ റെസ്ക്യൂ വാർഫ് നിർമ്മാണം 23-03-2023-ൽ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ NABARD RIDF XXVI-ൽ ഉൾപ്പെടുത്തി നീണ്ടകര ഫിഷിങ് ഹാർബറിൽ ശക്തികുളങ്ങര ഭാഗത്തെ വികസന പ്രവർത്തനങ്ങൾക്കായി 14.16 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി കരാർ വയ്ക്കുകയും 15-09-2021-ൽ കരാറുകാരന് സൈറ്റ് കൈമാറുകയും ചെയ്തിരുന്നു. പ്രസ്തുത കരാറിൽ ശക്തികുളങ്ങര ഭാഗത്ത് ഡിസാസ്റ്റർ മാനേജ്മെന്റ് സെന്റർ നിർമ്മാണവും ഉൾപ്പെട്ടിരുന്നു. പ്രസ്തുത കെട്ടിടം, റെസ്ക്യൂ വാർഫിന് സമീപത്തുള്ള ദേശീയപാതയിൽനിന്നും പ്രവേശനം സാധ്യമാകുന്ന തരത്തിലായിരുന്നു വിഭാവനം ചെയ്തിരുന്നത്. റെസ്ക്യൂ വാർഫിന്റെ പ്രവൃത്തി നടന്നുവന്നതിനാൽ സൈറ്റ് ക്ലിയർ ചെയ്ത് ലഭിക്കാൻ കാലതാമസമുണ്ടായി. കൂടാതെ നീണ്ടകര പാലത്തിന് സമാന്തരമായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI) നിർമ്മിക്കുന്ന പുതിയ പാലത്തിന്റെ അപ്രോച്ച് റോഡിന്റെയും സർവീസ് റോഡിന്റെയും അലൈൻമെന്റ് സംബന്ധിച്ച് തീരുമാനം ലഭിക്കാതെ വന്നതിനെ തുടർന്ന് Disaster Management കെട്ടിടത്തിന്റെ പ്രവൃത്തികൾ തടസ്സപ്പെട്ടു. NHAI നിർമ്മിക്കുന്ന പാലത്തിന്റെ പില്ലറുകൾക്കും

ബിൽഡിങിന്റെ പ്രൊപ്പോസ്ഡ് അലൈൻമെന്റിനും ഇടയിൽ ആവശ്യമായ ക്ലിയറൻസ് ഇല്ലാതെ വരികയും പുതുക്കിയ അലൈൻമെന്റ് NHAI-യിൽനിന്നും ലഭിക്കാത്തതിനാൽ ബിൽഡിങിന്റെ ഫൈനൽ ഡിസൈൻ വൈകുകയുണ്ടായി. ഇക്കാരണങ്ങളാൽ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള കരാർ കാലാവധി 31-12-2023 വരെ പിഴ കൂടാതെ ദീർഘിപ്പിച്ചു നൽകി. തുടർന്ന് പ്രവൃത്തി സമയബന്ധിതമായി നടപ്പാക്കുന്നതിൽ കരാറുകാരൻ വീഴ്ച വരുത്തുകയുണ്ടായതിനെ തുടർന്ന് 13-02-2024-ൽ സൂപ്രണ്ടിങ് എഞ്ചിനീയർ കരാർ റദ്ദാക്കി. ഇതിനെതിരെ കരാറുകാരൻ കേരളാ ഹൈക്കോടതിയെ സമീപിച്ചതിനെ തുടർന്ന് കേരളാ ഹൈക്കോടതി കരാർ റദ്ദാക്കിയ നടപടി സ്റ്റേ ചെയ്യുകയുമുണ്ടായി. പ്രസ്തുത കേസുകളിന്മേലുള്ള ഇടക്കാല ഉത്തരവുകൾ പാലിക്കുന്നതിനായി ചീഫ് എഞ്ചിനീയറുടെ അധ്യക്ഷതയിൽ 07-11-2024, 09-04-2025 എന്നീ തീയതികളിൽ യോഗം ചേർന്നിരുന്നു. ഹൈവേ നിർമ്മാണത്തിന് മുമ്പ് നിശ്ചയിച്ച ഡിസൈൻ പ്രകാരം കെട്ടിടം നിർമ്മിച്ചാൽ ഹൈവേയിൽനിന്നും ഹാർബറിലേയ്ക്കുള്ള വഴി അടഞ്ഞുപോകുമെന്നും ആയതിനാൽ ഡിസൈനിൽ മാറ്റം വരുത്തണമെന്നും ഇതുസംബന്ധിച്ച് നടന്ന യോഗത്തിൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റി അഭിപ്രായപ്പെട്ടതിനാൽ മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ

പരിഹരിക്കുന്ന വിധം ഡിസാസ്റ്റർ മാനേജ്മെന്റ് കെട്ടിടത്തിന് പുതിയ പ്ലാൻ തയ്യാറാക്കാനും കരാറുകാരനെ പ്രവൃത്തിയിൽനിന്നും ഒഴിവാക്കാനും തീരുമാനിച്ചിട്ടുണ്ട്. പുതിയ പ്ലാൻ തയ്യാറാക്കി പ്രവൃത്തി പുന:ക്രമീകരിച്ച് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.